## ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : ഡോ. അമിത് മല്ലിക്, ഐ.എഫ്.എസ്.

വിഷയം: വനംവകുപ്പ് - ജീവനക്കാര്യം - ശ്രീ.കെ.വി.അനുരേഷ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ സ്ഥാനം ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ 01.08.2014 തീയതി പ്രാബല്യത്തിൽ തയ്യാറാക്കിയ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റിൽ താൽക്കാലികമായി ഉൾപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന:
1) ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 09.12.2011-ലെ ഇ7-18936/10 നമ്പർ ഉത്തരവ്.
2) ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 04.11.2014-ലെ ഇ7-39485/14 നമ്പർ കത്ത്.
3) ശ്രീ.കെ.വി.അനുരേഷ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ 10.04.2017, 26.03.2018 തീയതികളിലെ അപേക്ഷ.
4) ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 29.01.2018-ലെ ഇ4-15057/14 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ4-15057/14 തീയതി : 11.04.2018.**

വനംവകുപ്പിൽ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി ജോലി ചെയ്തിരുന്ന ശ്രീ. കെ.വി.അനുരേഷ് സൂചന (1) പ്രകാരമുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റിൽ പേര് ഉൾപ്പെടുത്താതതിനെ തുടർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയുണ്ടായി. തുടർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം 01.07.2009 തീയതി പ്രാബല്യത്തിലുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 155 ശ്രീ.ടി.അജി കുമാറിനും, ക്രമനമ്പർ 156 ശ്രീ. പി.കെ.യൂസഫിനും മദ്ധ്യേ ക്രമ നമ്പർ 155 (A) ആയി താൽക്കാലികമായി നിശ്ചയിച്ചിരുന്നു.

ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റിൽ സൂചന (2) ഉത്തരവിലെ സീനിയോറിറ്റി ക്രമത്തിൽ ഉൾപ്പെടുത്തുന്നതിന് ശ്രീ.കെ.വി.അനുരേഷ് സൂചന (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. നിലവിലെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ സൂചന (4)

FMIS

ശ്രീ.കെ.വി.അനുരേഷിന്റെ പേര് ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടിയാന്റെ ആവശ്യം ന്യായമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സൂചന (4) പ്രകാരം പ്രസിദ്ധീകരിച്ച ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ 01.08.2014 പ്രാബല്യതീയതി കണക്കാക്കിയുള്ള സംസ്ഥാനതല സീനിയോരിറ്റി ലിസ്റ്റിൽ ക്രമനമ്പർ 132 ശ്രീ.റ്റി.അജികുമാറിനും ക്രമനമ്പർ 133 ശ്രീ.സി.വി.വിനോദ് കുമാറിനും മദ്ധ്യേ ക്രമനമ്പർ 132 (A) ആയി നിശ്ചയിച്ചുകൊണ്ട് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആയ ഡോ.അമിത് മല്ലിക് എന്ന ഞാൻ ഉത്തരവാകുന്നു.

മേൽ തീരുമാനത്തിന്മേൽ ആക്ഷേപമോ, പരാതിയോ ഉണ്ടെങ്കിൽ ഈ ഉത്തരവ് വനംവകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് 15 ദിവസത്തിനുള്ളിൽ രേഖാമൂലം മേലധികാരിക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

ശ്രീ. കെ.വി.അനുരേഷ്,
ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ.
(മേലധികാരി മുഖേന)

പകർപ്പ്:-
1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ സർക്കിൾ), കണ്ണൂർ.
2. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വായനാട് (നോർത്ത്).
3. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് (ഇൻഫർമേഷൻ ടെക്നോളജി) വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു.